"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അണ്ടർ സെക്രട്ടറിയായ ശ്രീ. ബിജു. എസ് - ന്റെ ഭാര്യയുടെ ചികിത്സയ്ക്ക് ചെലവായ തുക മെഡിക്കൽ റീഇംബേഴ്സ്മെന്റായി പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ -ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1410/2025/GAD തീയതി,തിരുവനന്തപുരം, 28-03-2025

---

പരാമർശം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 12.08.2020, 24.03.2023, 25.09.2023, തീയതികളിലെ എസി1-1/120/2019-കെ.പി.എസ്.സി. നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അണ്ടർ സെക്രട്ടറിയായ ശ്രീ. ബിജു. എസ് - ന്റെ ഭാര്യയുടെ ചികിത്സയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ ചെലവായ തുക മെഡിക്കൽ റീഇംബേഴ്സ്മെന്റായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ മേൽ പരാമർശം പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. ബിജു. എസ് - ന് മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിലേയ്ക്കായി കോവിഡ് കാലയളവിൽ സമർപ്പിച്ച അപേക്ഷയുടെയും ബന്ധപ്പെട്ട ബില്ലുകളുടെയും അസ്സൽ കോവിഡ് കാലയളവിൽ നഷ്ടപ്പെട്ടതായി കണ്ടെത്തിയ സാഹചര്യത്തിൽ, അസ്സൽ മെഡിക്കൽ ബില്ലുകൾക്ക് പകരം ബില്ലുകളുടെ പകർപ്പുകളുടെ അടിസ്ഥാനത്തിൽ, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു.

KGSMA ചട്ടങ്ങൾ പ്രകാരം ചികിത്സാ ചെലവിന്റെ പ്രതിപൂരണം അനുവദിക്കുന്നതിന് ആശുപത്രി ബില്ലുകളുടെ അസൽ അനിവാര്യമാണ്. ഈ കേസിൽ ബില്ലുകളുടെ അസ്സൽ അപേക്ഷയുടെ പരിശോധനാവേളയിൽ നഷ്ടപ്പെട്ടിരിക്കുന്ന സാഹചര്യമാണെങ്കിലും, ടിയാളുടെ ചികിത്സ

കാലയളവിലെ (27.08.2017 മുതൽ 22.01.2018) ബില്ലുകളുടെ അനുവദനീയ തുക ആരോഗ്യ വകുപ്പ് ഡയറക്ടർ കണക്കാക്കി നൽകിയിട്ടുള്ളതിനാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലെ അണ്ടർ സെക്രട്ടറിയായ ശ്രീ. ബിജു. എസ് - ന്റെ ഭാര്യയുടെ ചികിത്സയ്ക്ക് തിരുവനന്തപുരം കിംസ് ആശുപത്രിയിൽ ചെലവായ 7,62,799/- രൂപയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 7,29,130/- രൂപയുടെ 80 ശതമാനമായ 5,83,304/- രൂപ (അഞ്ച് ലക്ഷത്തി എൺപത്തിമൂവായിരത്തി മുന്നൂറ്റി നാല് രൂപ മാത്രം) KTC, Rule 187 (d) & (e) - ൽ ഇളവു വരുത്തി പ്രത്യേക കേസായി പരിഗണിച്ച്, ബിൽ പകർപ്പുകളുടെ അടിസ്ഥാനത്തിൽ മേൽ തുക മെഡിക്കൽ റീഇംബേഴ്സ്മെന്റായി അനുവദിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളുടെ പകർപ്പും അനുബന്ധ രേഖകളും സഹിതം)
ശ്രീ. ബിജു. എസ്., ശ്രീവിലാസ്, കള്ളിക്കാട്, മൈലക്കര പി.ഒ., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് (ജി2/263/2024-ആകുവ തീയതി 02.08.2024 പ്രകാരം)
ധനകാര്യ വകുപ്പ് (ലോൺസ്-L1/279/2024-ധന തീയതി. 21.03.2025 പ്രകാരം)
പൊതുഭരണ (ഇ-അഡ്മിനിട്രേഷൻ) വകുപ്പ്
വെബ് & മീഡിയ, വിവര പൊതുജ സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 28-03-2025 13:38:00
സെക്ഷൻ ഓഫീസർ